"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ഇടുക്കി ജില്ല - പുന്നയാർ എസ്.ടി.എച്ച്.എസ് ലെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) ശ്രീമതി. ബിന്ദു ജോസഫിന്റെ നിയമനാംഗീകാരം - ഇടുക്കി രൂപതാ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച കാറ്റഗറി 1 റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.3927/2025/GEDN തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:-
1. ഇടുക്കി രൂപതാ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച 17/3/2025 ലെ കാറ്റഗറി 1 റിവിഷൻ ഹർജി.
2. തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 8/5/2025 ലെ DEOTDP/481/2025-B3നമ്പർ കത്ത്
3. ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ 12/5/2025 ലെ DDEIDK/1407/2025-B4 നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12/5/2025 ലെ ഇസി2/9136/2025/ഡിജിഇ നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ പുന്നയാർ എസ്.ടി.എച്ച്.എസ് ലെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) ശ്രീമതി.ബിന്ദു ജോസഫിന്റെ 14.10.2010 മുതൽ 31.05.2011 വരെയുള്ള നിയമനാംഗീകാരം സംബന്ധിച്ച് ടി സ്കൂൾ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച കാറ്റഗറി 1 റിവിഷൻ ഹർജി, 01.6.2024 ലെ സ.ഉ.(എം.എസ്) നം. 54/2024/പൊ.വി.വ പ്രകാരമാകയാൽ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീമതി. ബിന്ദുജോസഫ്, മാനേജർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ പ്രതിനിധികളെ 14.5.25 ൽ കേൾക്കുകയുണ്ടായി.

(2) റിവിഷൻ ഹർജിയിലെ സംഗ്രഹവും ഹിയറിംഗ് വേളയിൽ മാനേജരുടെ പ്രതിനിധിയുടെ വാദവും ചുവടെ ചേർക്കുന്നു.

ശ്രീമതി ബിന്ദു ജോസഫിന്റെ പുന്നയാർ സെന്റ് തോമസ് ഹൈസ്കൂളിലെ 14.10.2010 മുതൽ 31.05.2011 വരെയുള്ള, ശ്രീ. ജോജി പോളിന്റെ ശൂന്യവേതനാവധി ഒഴിവിലെ ഇംഗ്ലീഷ് ഭാഷാദ്ധ്യാപിക തസ്തികയിലെ തടസ്സപ്പെട്ടിരിക്കുന്ന നിയമനാംഗീകാരത്തിനുള്ള അനുമതി അപേക്ഷിച്ചുകൊണ്ട് സമർപ്പിച്ചിട്ടുള്ള

പുനഃപരിശോധനാ ഹർജിയിൽ തീരുമാനമടുക്കുവാനായി സമർപ്പിക്കുന്ന ന്യായവാദങ്ങൾ.

1. ശ്രീമതി ബിന്ദു ജോസഫ് എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) യുടെ പുന്നയാർ സെൻ്റ് തോമസ് ഹൈസ്കൂളിലെ **14.10.2010** മുതൽ **31.05.2011** വരെയുള്ള നിയമനം നിരസിക്കുവാനായി ഉന്നയിച്ച കാരണം **12.01.2010** ലെ സ.ഉ. (അ)**10/10**/പൊ.വി.വ.യുടെ ഖണ്ഡിക(**1**) ലെ നിബന്ധന **v,vi** പ്രകാരം എഗ്രിമെൻ്റ് സമർപ്പിച്ചിട്ടില്ലായെന്നും **2006-07** മുതൽ **2009-10** വരെയുള്ള കാലഘട്ടത്തിലെ അധിക തസ്തികകളിൽ നടത്തിയ എണ്ണം നിയമനങ്ങൾക്ക് തത്തുല്യ എണ്ണം തസ്തികകൾ സംരക്ഷിതാധ്യാപകർക്കായി നീക്കിവയ്ക്കണമെന്നും അതിനുശേഷം ഉണ്ടാകുന്ന അധിക തസ്തികകളിൽ **1:1** അനുപാതത്തിൽ സംരക്ഷിതാധ്യാപകരെയും പുതിയ നിയമനവും നടത്തണമെന്നവ്യവസ്ഥ പാലിച്ചില്ല എന്നുമായിരുന്നു.

2. ഇതിനെതിരെ നൽകിയ മേൽ ഹർജി ടിയാൻ ചട്ടം **43** അവകാശിയല്ലായെന്ന കാരണത്താലും പുനഃപരിശോധനാഹർജി സംരക്ഷിതാധ്യാപകനെ നിയമിച്ചില്ല എന്ന കാരണത്താലും നിരസിച്ചു.

3. ശ്രീമതി ബിന്ദു ജോസഫിന്റെ ഈ നിയമനാംഗീകാരത്തിനെതിരെ ഉന്നയിച്ചിരിക്കുന്ന ഈ തടസ്സവാദങ്ങൾ താഴെ പറയുന്ന കാരണങ്ങളാൽ നിയമാനുസൃതമല്ല. അതിനാൽ നിലനിൽക്കുന്നതല്ല.

a) നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് യു.പി.എസ്.ലെ ടിയാളുടെ നിയമനം **02.06.2008** മുതൽ **31.03.2009** വരെ വേതന നിരക്കിൽ, നെടുങ്കണ്ടം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തന്റെ **19.11.2008** ലെ സി.**2519/08**/ദീ.തീ. എന്ന ഉത്തരവ് വഴി അംഗീകരിച്ചിട്ടുണ്ട്.

b) തുടർന്ന്, പുന്നയാർ സെൻ്റ് തോമസ് ഹൈസ്കൂളിലെ ശ്രീ. ജോജി പോളിന്റെ **18.10.2005** മുതൽ **17.10.2010** വരെയുള്ള ശൂന്യവേതനാവധി ഒഴിവിലെ **01.06.2009** മുതൽ **13.10.2010** വരെയുള്ള ടിയാളുടെ നിയമനം തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസർ തന്റെ **06.2010** ലെ ബി**3-2961/09**/ദീ.തീ. എന്ന ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

c) മേൽ പ്രസ്താവിച്ച പ്രകാരം ചട്ടം **51A** അവകാശിയും **13.10.2020** വരെ നിയമനാംഗീകാരം ലഭിച്ച ടിയാളെ വീണ്ടും പുന്നയാർ സെൻ്റ് തോമസ് ഹൈസ്കൂളിലെ ശ്രീ.ജോജി പോൾ തന്റെ ശൂന്യവേതനാവധി ദീർഘിപ്പിച്ച ഒഴിവിൽ **14.10.2010** മുതൽ തുടർച്ചയായി **17.10.2015** വരെ നിയമിച്ചു.

d) എന്നാൽ ടിയാളുടെ **14.10.2010** മുതലുള്ള ഈ നിയമനം അധ്യാപക പാക്കേജിൽ പെടുത്തി **01.06.2011** മുതൽ മാത്രമാണ് തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസർ

തന്റെ 20.01.2011 ലെ ബി3/6520/11/ദീ.തീ. എന്ന ഉത്തരവ് മുഖേന അംഗീകരിച്ചത്. ശ്രീ. ജോജി പോളിന്റെ തന്നെ അവധി ഒഴിവിലെ 13.10.2020 വരെയുള്ള നിയമനം അംഗീകരിക്കുകയും 14.10.2010 മുതലുള്ള നിയമനം നിഷേധിക്കുകയും ചെയ്യുന്നത് നിയമാനുസൃതമല്ല.

e) മാത്രമല്ല, 2006-07 മുതലുള്ള അധിക തസ്തികളിലെ നിയമനങ്ങൾക്കാണ് 10.01.2010ലെ സ.ഉ.(അ)10/10/പൊ.വി.വ.യിലെ നിബന്ധനകൾ ബാധകമാക്കിയിട്ടുള്ളത്. അതിനാൽ ശ്രീമതി ബിന്ദു ജോസഫിന്റെ 14.10.2010 മുതലുള്ള ഈ നിയമനം 12.01.2010 ലെ ഉത്തരവിന്റെ പരിധിയിൽ വരുന്നില്ല. കൂടാതെ ടിയാൾ ചട്ടം 51(എ)അവകാശിയാണെന്ന വസ്തുതയും പ്രത്യേകം പരിഗണിക്കേണ്ടതാണ്.

4. പുന്നയാർ സെന്റ്റ് തോമസ് ഹൈസ്കൂളിൽ എച്ച്.എസ്.റ്റി. (സാമൂഹ്യശാസ്ത്രം)തസ്തിക 2009-10 മുതൽ സംരക്ഷിതാധ്യാപകർക്കായി നീക്കിവയ്ക്കുകയും ഇടുക്കിവിദ്യാഭ്യാസ ഉപമേധാവിയുടെ 11.08.2009 ലെ ബി5-9419/09 നമ്പർ കത്ത് പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് സമർപ്പിക്കുന്നു. പ്രസ്തുത ഒഴിവിൽ ശ്രീമതി ഷൈജമ്മ എം.എ. എന്ന അധ്യാപിക 15.12.2009 മുതൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ടിയാൾ മാതൃവിദ്യാലയമായ എസ്.എൻ.എച്ച്.എസ്.എസ്.ലേയ്ക്ക് 13.01.2015 ന് തിരികെ പോകുന്നതുവരെ ഈ മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ സേവനത്തിലുണ്ടായിരുന്നു.

ഈ സാഹചര്യത്തിൽ ഇതോടൊപ്പം സമർപ്പിച്ചിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ ഉന്നയിക്കപ്പെട്ടിരിക്കുന്ന തടസ്സവാദങ്ങളൊന്നും നിലനിൽക്കുന്നതല്ല എന്നതിനാൽ ശ്രീമതി ബിന്ദു ജോസഫിന്റെ പുന്നയാർ സെൻ്റ് തോമസ് ഹൈസ്കൂളിലെ 14.10.2010 മുതൽ 31.05.2011 വരെയുള്ള നിയമനം അംഗീകരിക്കുവാൻ ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

(3) ശ്രീമതി.ബിന്ദു ജോസഫിന്റെ വാദം:-

2009-2012 കാലഘട്ടത്തിൽ എസ്.ടി.എച്ച്.എസ് പുന്നയാർ, ഇടുക്കി സ്കൂളിൽ HST English അധ്യാപികയായി ജോലി ചെയ്ത കാലയളലിൽ 1.06.2009 മുതൽ 13.10.2010 വരെ നിയമനാംഗീകാരം ലഭിച്ചു. ശേഷം 14.10.2010 മുതൽ 31.05.2011 (8 മാസം) വരെയുള്ള നിയമനാംഗീകാരം ലഭിച്ചില്ല. 1.06.2011 മുതലുള്ള നിയമനാംഗീകാരം ലഭിക്കുകയും ഇപ്പോൾ വരെ continuous service ആയി ജോലി ചെയ്യുന്നു. 14.10.2010 മുതൽ 31.05.2011 (8 മാസം) വരെയുള്ള നീയമനാംഗീകാരം പാസ് ആക്കി തരണമെന്ന് അപേക്ഷിക്കുന്നു.

(4) വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

പുന്നയാർ എസ്.ടി.എച്ച്.എസ് -ലെ എച്ച്.എസ്.ടി ഇംഗ്ലീഷ് അധ്യാപകനായ ശ്രീ. ജോജിപോൾ **17.10.2005** ലെ സ.ഉ (സാധാ) **4877/05**/പൊ.വി.വ പ്രകാരം **18.10.2005** മുതൽ **17.10.2010**വരെ ശൂന്യ വേതനാവധി എടുത്ത ഒഴിവിൽ **05.06.2006** മുതൽ **13.10.2010** വരെ നിയമിച്ചിരുന്ന ശ്രീമതി. ലിസ കെ സെബാസ്റ്റ്യനെ **01.06.2009** പ്രാബല്യത്തിൽ പാറത്തോട് എസ്.ജി.എച്ച്.എസ്-ലേക്ക് സ്ഥലം മാറ്റിയ ഒഴിവിൽ ശ്രീമതി. ബിന്ദു ജോസഫിനെ **01.06.2009** മുതൽ **13.10.2010**വരെ നിയമിച്ച് നിയമനാംഗീകാരം ലഭിക്കുന്നതിനായി മാനേജർ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് തൊടുപുഴ ജില്ല്ാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ **06/10** ലെ ഉത്തരവ് നമ്പർ **B3/2961/09/K.dis** പ്രകാരം ടി നിയമനം **01.06.2009** മുതൽ **13.10.2010** വരെ അംഗീകരിച്ചു നൽകി.

ശ്രീമതി. ലിസ കെ സെബാസ്റ്റ്യനെ പാറത്തോട് **SGHS** -ൽ നിയമിച്ച ഒഴിവിന്റെ ഉറവിടം വ്യക്തമാക്കുന്ന രേഖകൾ മാനേജർ ഹാജരാക്കിയിട്ടുണ്ട്. തുടർന്ന് **28.07.2010** ലെ സ.ഉ (സാധാ) **3314/10**/പൊ.വി.വ പ്രകാരം **18.10.2010** മുതൽ **17.10.2015** വരെ ശ്രീ. ജോജി പോൾ തന്റെ ശൂന്യ വേതനാവധി ദീർഘിപ്പിക്കുകയും ടി ഒഴിവിൽ ശ്രീമതി. ബിന്ദു ജോസഫിനെ തന്നെ മാനേജർ **14.10.2010** മുതൽ **17.10.2015** വരെ നിയമിക്കുകയും ചെയ്തു. എന്നാൽ **12.01.2010** ലെ സ.ഉ **10/10**/പൊ.വി.വ പ്രകാരം ശ്രീമതി.ബിന്ദു ജോസഫിന്റെ നിയമനം അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി **20.01.2012** ലെ ഉത്തരവ് നമ്പർ **B3/6520/11/K.dis** പ്രകാരം **01.06.2011** മുതൽ **17.10.2015** വരെമാത്രമാണ് തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും അംഗീകരിച്ചു നൽകിയത്.

ശ്രീമതി. ബിന്ദു ജോസഫിന്റെ **14.10.2010** മുതൽ **31.05.2011** വരെയുള്ള നിയമനാംഗീകാരം നിരസിച്ചതിനെതിരെ മാനേജർ ബഹു. ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച മേൽ ഹർജി പുന്നയാർ എസ്.ടി.എച്ച്.എസ് പുതുതായി ആരംഭിച്ച/ഉയർത്തപ്പെട്ട സ്കൂളുകളുടെ ഗണത്തിൽ പെടുന്നതിനാൽ സംരക്ഷിതാധ്യാപകർ ജോലിയിൽ പ്രവേശിക്കുന്ന തിയതി മുതൽക്കേ മറ്റു നിയമനങ്ങൾ പരിഗണിക്കാനാകൂ എന്ന കാരണത്താലും ടിയാൾ ചട്ടം **43** അവകാശി അല്ല, ആയതിനാൽ **26.02.2011** ലെ സ.ഉ(പി)/**52/2011** ന്റെ ആനുകൂല്യം ലഭിക്കുകയില്ല എന്നീ തടസ്സവാദങ്ങൾ ഉന്നയിച്ച് **25.08.2011** ലെ **B4/807/2011** നമ്പർ ഉത്തരവ്പ്രകാരം നിരസിക്കപ്പെട്ടു. തുടർന്ന് മാനേജർ ബഹു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ച പുനപരിശോധന ഹർജി **19.07.2012**ലെ **EC2/63590/11**/ഡി.പി.ഐ നമ്പർ ഉത്തരവ് പ്രകാരം പുന്നയാർ എസ്.ടി.എച്ച്.എസ് പുതുതായി ആരംഭിച്ച/ഉയർത്തപ്പെട്ട സ്കൂളുകളുടെ ഗണത്തിൽ പെടുന്നതിനാൽ സംരക്ഷിതാധ്യാപരെ നിയമിച്ചിട്ടില്ല എന്ന കാരണത്താൽ തന്നെ നിരസിച്ചു. തുടർന്ന് സർക്കാരിൽ സമർപ്പിച്ച പുനഃപരിധോധന ഹർജി **06.04.2013** ലെ **73809/E2/2012/G.Edn** നമ്പർ ഉത്തരവ് പ്രകാരം, മേൽ കാരണത്താൽ തന്നെ നിരസിക്കപ്പെട്ടു.

എന്നാൽ ശ്രീമതി. ബിന്ദു ജോസഫിന് **02.06.2008** മുതൽ **31.03.2009** വരെ നെടുങ്കണ്ടം **SSUPS** -ൽ യു.പി.എസ്.ടി തസ്തികയിലും **01.06.2009** മുതൽ **13.10.2010** വരെ എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികയിലും അംഗീകൃത സേവന കാലം ഉണ്ട്. ഇപ്രകാരം **01.06.2011** മുതൽ അവധി ഒഴിവിൽ തുടരവേ **"... Leave substitutes will be regularized against the first arising permanent/ regular vacancy"** എന്ന **09.11.2009** ലെ സ.ഉ.(കൈ) **275/1999** നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി കോർപ്പറേറ്റിന്റെ കീഴിലെ ചെമ്മണ്ണാർ **SXHSS** ലെ ശ്രീ. ജോസഫ് ചാക്കോയുടെ പ്രൊമോഷൻ ഒഴിവിൽ **14.06.2012** മുതൽ ശ്രീമതി. ബിന്ദു ജോസഫിന് തുടർ നിയമനം നൽകുകയും കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **12.07.2013** ലെ **B6/6003/2013**/ദീ.തീ ഉത്തരവ് പ്രകാരം നിയമനാംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

**11.08.2009** -ൽ ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടർ ഇടുക്കി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി മാനേജർക്ക് നൽകിയ **B5/9419/2009** നമ്പർ കത്ത് പ്രകാരം പുന്നയാർ എസ്.ടി.എച്ച്.എസ്-ൽ സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി മാറ്റി വച്ചിരുന്ന എച്ച്.എസ്.ടി എസ്സ്.എസ് തസ്തിക തോക്കുപാറ എസ്.എസ്.എച്ച്.എസ് -ലേക്ക് മാറ്റിയിട്ടുള്ളതായി അറിയിച്ചിരിക്കുന്നു. എസ്.എസ്.എച്ച്.എസ് തോക്കുപാറയിൽ സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി മാറ്റി വച്ചിരുന്ന എച്ച്.എസ്.ടി ഗണിതംതസ്തികക്ക് പുറമെ ആണ് എച്ച്.എസ്.ടി എസ്സ്.എസ് തസ്തികയും മാറ്റി വച്ചിട്ടുള്ളത്. പുന്നയാർ എസ്.ടി.എച്ച്.എസ് -നു വേണ്ടി മാറ്റി വെക്കപ്പെട്ട ഒഴിവിൽ നങ്കിസിറ്റി എസ്.എൻ.എച്ച്.എസ് -ൽ നിന്നും പുറത്തായ സംരക്ഷിതാധ്യാപികയായ ശ്രീമതി. ഷൈജമ്മഎം എം (എച്ച്.എസ്.ടി എസ്സ്.എസ്) **15.12.2009** മുതൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതായും കാണുന്നു .

മേൽ സാഹചര്യത്തിൽ മാനേജർ സർക്കാരിൽ സമർപ്പിച്ച പുനഃ പരിശോധന ഹർജി നിരസിക്കുന്നതിനാധാരമായ "സംരക്ഷിതാധ്യാപകരെ നിയമിച്ചിട്ടില്ല" എന്ന തടസ്സവാദം ഇപ്പോൾ നിലനിൽക്കുന്നില്ല. എന്നാൽ ശ്രീമതി. ബിന്ദു ജോസഫിന്റെ **14.10.2010** മുതൽ **31.05.2011** വരെയുള്ള നിയമനാംഗീകാരം ലഭിക്കുന്നതിനായി മാനേജർ ബഹു. ഇടുക്കിവിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം ബഹു.പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, സർക്കാർ എന്നിവിടങ്ങളിൽ സമർപ്പിച്ച റിവിഷൻ ഹർജികളോടൊപ്പം സംരക്ഷിതാധ്യാപകൻ ജോലി ചെയ്യുന്നു എന്ന വിവരം അറിയിച്ചിരുന്നില്ല. **15.12.2009** മുതൽ ശ്രീമതി. ഷൈജമ്മ എം എം പുന്നയാർ എസ്.ടി.എച്ച്.എസ്- നു വേണ്ടി തോക്കുപാറ എസ്.എസ്.എച്ച്.എസ് -ൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള വിവരം ഇപ്പോൾ മാത്രമാണ് മാനേജർ അറിയിച്ചിട്ടുള്ളത്.

ശ്രീമതി. ബിന്ദു ജോസഫിന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട ഈ കാര്യാലയത്തിലെ ഫയലുകൾ കാലപ്പഴക്കം കൊണ്ടും, നശിപ്പിക്കുന്നതിനുള്ള കാലാവധികഴിഞ്ഞതിനാലും റെക്കോർഡ് സെക്ഷനിൽ ലഭ്യമല്ല. അതിനാൽ

പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ ടി വിഷയവുമായി ബന്ധപ്പെട്ട രേഖകളും വിവരങ്ങളും മാനേജരിൽ നിന്നും ഹെഡ് മാസ്റ്ററിൽ നിന്നും ശേഖരിച്ചതിന്റെ അടിസ്ഥാനത്തിലാണ് മേൽപ്പടി വിവരങ്ങൾ സമർപ്പിച്ചിട്ടുള്ളത് .

(5) മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദം വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് നിലവിലുള്ള ചട്ടങ്ങൾ /ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

പുന്നയാർ സെന്റ് തോമസ് ഹൈസ്ക്കൂളിലെ എസ്.ടി.എച്ച്.എസ് ലെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) അധ്യാപിക ശ്രീമതി ബിന്ദു ജോസഫിന്റെ 14.10.2010 മുതൽ 31.05.2011 വരെയുള്ള നിയമനം അംഗീകരിക്കമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

തൊടുപുഴ പുന്നയാർ എസ്.ടി.എച്ച്.എസ് ലെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) അധ്യാപകനായ ശ്രീ.ജോജി പോൾ 18.10.2005 മുതൽ 17.10.2010 വരെ ശുന്യവേതനാവധി എടുത്ത ഒഴിവിൽ 05.06.2006 മുതൽ 13.10.2010 വരെ നിയമിച്ചിരുന്ന ശ്രീമതി.ലിസ കെ സെബാസ്റ്റ്യനെ 01.06.2009 പ്രബല്യത്തിൽ പാറത്തോട് എസ്.ജി.എച്ച്.എസ് ലേക്ക് സ്ഥലം മാറ്റിയ ഒഴിവിൽ ശ്രീമതി.ബിന്ദു ജോസഫിനെ 01.06.2009 മുതൽ 13.10.2010 വരെ നിയമിക്കുകയും, നിയനാംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 18.10.2010 മുതൽ 17.10.2015 വരെ ശ്രീ.ജോജി പോൾ തന്റെ ശുന്യ വേതനാവധി ദീർഘിപ്പിക്കുകയും ടി ഒഴിവിൽ ശ്രീമതി.ബിന്ദു ജോസഫിനെ തന്നെ മാനേജർ 14.10.2010 മുതൽ 17.10.2015 വരെ നിയമിക്കുകയും ചെയ്തു. എന്നാൽ ശ്രീമതി.ബിന്ദു ജോസഫിന്റെ നിയമനം അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 01.06.2011 മുതൽ മാത്രമാണ് അംഗീകരിച്ചു നൽകിയത്. ശ്രീമതി.ബിന്ദുജോസഫിന്റെ 14.10.2010 മുതൽ 31.05.2011 വരെയുള്ള നിയമനാംഗീകാരം നിരസിച്ചതിനെതിരെ മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി പുന്നയാർ എസ്.ടി.എച്ച്.എസ് പുതുതായി ആരംഭിച്ച ഉയർത്തപ്പെട്ട സ്കൂളുകളുടെ ഗണത്തിൽപെടുന്നതാണ്, ടി സ്കൂളിൽ ഇതുവരെയും സംരക്ഷിതാധ്യാപകർ ജോലിയിൽ പ്രവേശിച്ചിട്ടില്ല എന്നതിനാൽ 06.04.2013 ഇ2/73809/2012/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു.

ഇപ്രകാരം ടിയാൾ 01.06.2011 മുതൽ അവധി ഒഴിവിൽ തുടരവേ, 09.11.2009 ലെ സ.ഉ(കൈ) 275/1999 നമ്പർ ഉത്തരവിലെ "Leave substitutes will be regularized against the first arising permanent regular vacancy" എന്ന നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ബിന്ദു ജോസഫിന് ടി കോർപ്പറേറ്റിന്റെ കീഴിലുള്ള ചെമ്മണ്ണാർ SXHSS ലെ ശ്രീ.ജോസഫ് ചാക്കോയുടെ പ്രൊമോഷൻ ഒഴിവിൽ 14.06.2012 മുതൽ തുടർ നിയമനം നൽകുകയും ടി നിയമനം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

11.08.2006 -ൽ ഇടുക്കി വിദ്യാഭ്യാസ ഉപ ഡയറക്ടർ ഇടുക്കി കോർപ്പറേറ്റ്

വിദ്യാഭ്യാസ ഏജൻസി മാനേജർക്ക് നൽകിയ 5855/9419/2009 നമ്പർ കത്ത് പ്രകാരം പുന്നയാർ എസ്.ടി.എച്ച്.എസ്.ൽ സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി മാറ്റി വച്ചിരുന്ന എച്ച്.എസ്ടി എസ്.എസ് തസ്തിക തോക്കുപാറ എസ്.എസ്.എച്ച്.എസ് ലേക്ക് മാറ്റിയിട്ടുള്ളതായി അറിയിച്ചിരിക്കുന്നു. ടി തസ്തികയിൽ 15.12.2009 മുതൽ സംരക്ഷിതാധ്യാപിക ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. എന്നാൽ ശ്രീമതി.ബിന്ദു ജോസഫിന്റെ 14.10.2010 മുതൽ 31.05.2011 വരെയുള്ള നിയമനാംഗീകാരം ലഭിക്കുന്നതിനായി മുമ്പ് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലോ സർക്കാരിലോ സമർപ്പിച്ച റിവിഷൻ ഹർജികളോടൊപ്പം സംരക്ഷിതാധ്യാപകൻ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട് എന്ന വിവരം അറിയിച്ചിരുന്നില്ല. സംരക്ഷിതാധ്യാപകൻ 15.12.2009 മുതൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതിനാലും, ടിയാൾക്ക് നിലനിൽക്കാൻ ഒഴിവ് വ്യവസ്ഥാപിതവുമായ സാഹചര്യത്തിൽ ശ്രീമതി.ബിന്ദു ജോസഫിന്റെ 4.10.2010 മുതൽ 31.05.2011 വരെയുള്ള നിയമനം പുനഃപരിഗണിക്കാവുന്നതാണ്.

മേൽ സാഹചര്യത്തിൽ സംരക്ഷിതാധ്യപകൻ 15.12.2009 മുതൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതിനാലും ശ്രീമതി.ബിന്ദുജോസഫിന് നിലനിൽക്കാനായി ഒഴിവ് വ്യവസ്ഥാപിതവുമായ സാഹചര്യത്തിൽ ടിയാളുടെ 14.10.2010 മുതൽ 31.5.2011 വരെയുള്ള ശ്രീമതി.ജോജി പോളിന്റെ ശൂന്യവേതനാവധി ഒഴിവിലെ എച്ച്.എസ്.ടി ഇംഗ്ലീഷ് ഭാഷാധ്യാപിക തസ്തികയിലെ നിയമനം മറ്റു വിധത്തിലും ക്രമപ്രകാരമെങ്കിലും അംഗീകരിച്ച് നൽകുന്നതിന് തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ട് റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്ക്കർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-14
വിദ്യാഭ്യാസ ഉപഡയറക്ടർ, ഇടുക്കി, തൊടുപുഴ പി ഓ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൊടുപുഴ
കോർപ്പറേറ്റ് മാനേജർ, ഇടുക്കി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, കരിമ്പൻ, മണിപ്പാറ പി ഓ, ഇടുക്കി ജില്ല
ശ്രീമതി. ബിന്ദുജോസഫ്, എച് എസ് ടി (ഇംഗ്ലീഷ്)എസ്ടി എച് എസ്, പുന്നയാർ,
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
Date: 18-06-2025 14:05:04

സെക്ഷൻ ഓഫീസർ